# ടെണ്ടർ നോട്ടീസ്

**തലശ്ശേരി ജില്ലാ കോടതിയിൽ നിന്നും പരസ്യപ്പെടുത്തുന്നത്.**

തലശ്ശേരി കോടതി വളപ്പിലുള്ള പുതിയ കാന്റീൻ കെട്ടിടം പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന പ്രതിമാസ വാടകയ്ക്ക് **01-01-2025 മുതൽ 31-12-2025** വരെ ഒരുവർഷത്തേക്ക് കാന്റീൻ നടത്തിപ്പിനായി ഇതോടുകൂടിയുള്ള നിബന്ധനകൾക്ക് വിധേയമായി ഏല്പിച്ചുകൊടുക്കുന്നതാണ്. കാന്റീൻ നടത്തപ്പെടേണ്ടത് സിവിൽ ക്രിമിനൽ കോടതികളിലെ ന്യായാധിപൻമാരുടെയും ഉദ്യോഗസ്ഥന്മാരുടെയും, വക്കീൽ ഗുമസ്ഥന്മാരുടെയും, ആവശ്യത്തിനും സൗകര്യാർത്ഥവുമാണ്. മേൽ പറഞ്ഞ ആവശ്യത്തിനു വേണ്ടിയുള്ള ടെണ്ടറുകൾ സീൽ വെച്ച കവറിൽ "ജില്ലാ ജഡ്ജ്, തലശ്ശേരി - 670 101" എന്ന വിലാസത്തിൽ **18-12-2024** തീയ്യതി വൈകുന്നേരം **5.00 മണിക്ക്** മുൻപായി കിട്ടിയിരിക്കണം. മേൽ പറഞ്ഞ ഒരു വർഷ കാലാവധിയിൽ (01.01.2025 to 31.12.2025) ഭേദഗതി വരുത്തുവാൻ ജില്ലാ ജഡ്ജിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. ചായ, കാപ്പി, ഊൺ, പലഹാരങ്ങൾ മറ്റ് ഭക്ഷണസാധനങ്ങൾ എന്നിവയുടെ വില മേൽ പറഞ്ഞിരിക്കുന്നവർക്കുള്ളതും, മറ്റ് വിഭാഗകാർക്കുള്ളതും പ്രത്യേകം പ്രത്യേകം ടെണ്ടറിൽ കാണിച്ചിരിക്കേണ്ടതാണ്. കൂടാതെ വിഭവങ്ങളുടെ വിവരങ്ങളും ടെണ്ടറിൽ കാണിച്ചിരിക്കേണ്ടതാണ്. **19-12-2024 തീയ്യതി പകൽ 2.30 മണിക്ക്** ടെണ്ടറുകൾ അവ നല്കിയവരുടെ സാനിദ്ധ്യത്തിൽ തുറക്കുന്നതും ആയത് പരിശോധിച്ച് തൃപ്തികരമായവരുടെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിക്കുന്നതുമാണ്. ഈ കാര്യത്തിൽ ജില്ലാ ജഡ്ജിയുടെ തീരുമാനം അന്തിമമായിരിക്കും. നിർബന്ധമായും വിതരണം ചെയ്യേണ്ടുന്ന ഭക്ഷണ സാധനങ്ങളുടെ ലിസ്റ്റ് ഇതോടൊപ്പം ചേർത്തിരിക്കുന്നു. പ്രസ്തുത ലിസ്റ്റ് ടെണ്ടറിനോടൊപ്പം പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്.

സ്വീകരിക്കപ്പെട്ട ടെണ്ടർ നല്കിയ ആൾ കാന്റീൻ നടത്തുന്നതിനു വേണ്ടിയുള്ള നിബന്ധനകളെ സംബന്ധിച്ചുള്ള ഒരു ഉടമ്പടി ജില്ലാ ജഡ്ജിക്ക് ഒപ്പിട്ട് കൊടുക്കേണ്ടതാണ്.

DISTRICT AND SESSIONS COURT * THALASSERY-670 101 *

(ഉത്തരവിൻ പ്രകാരം)

ജില്ലാ കോടതി, തലശ്ശേരി.
തീയ്യതി : 03-12-2024.

ശിരസ്തദാർ

കോപ്പികൾ :

1. ജില്ലാ കോടതി നോട്ടീസ് ബോർ ഡ്.
2. സബ് കോടതി നോട്ടീസ് ബോർ ഡ്.
3. മുൻ സിഫ് കോടതി നോട്ടീസ് ബോർ ഡ്.
4. സെൻ ട്രൽ നാജർ ഓഫീസ് കോടതി നോട്ടീസ് ബോർ ഡ്.
5. ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി നോട്ടീസ് ബോർ ഡ്.
6. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി നോട്ടീസ് ബോർ ഡ്.
7. മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രിബ്യൂണൽ തലശ്ശേരി നോട്ടീസ് ബോർ ഡ്.
8. സെക്രട്ടറി, ബാർ അസ്സോസിയേഷൻ, തലശ്ശേരി.
9. താലൂക്ക് ഓഫീസ്, തലശ്ശേരി നോട്ടീസ് ബോർഡ്.
10. വില്ലേജ് ഓഫീസ് തലശ്ശേരി നോട്ടീസ് ബോർ ഡ്.
11. മുനിസിപ്പൽ ഓഫീസ് തലശ്ശേരി നോട്ടീസ് ബോർ ഡ്.
12. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്ല്യൂ ഡി ബിൽഡിഗ്, തലശ്ശേരി (നോട്ടീസ് ബോർഡ്) .
13. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്ല്യൂ ഡി ബിൽഡിഗ്, തലശ്ശേരി (നോട്ടീസ് ബോർഡ്).
14. ജില്ലാ കോടതി വെബ് സൈറ്റ്.

**കാന്റീനിൽ നിന്നും നിർബന്ധമായും വിതരണം ചെയ്യേണ്ടുന്ന ഭക്ഷണ സാധനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.**

| ക്രമ നമ്പർ | വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾ | കോടതി ജീവനക്കാർക്കും, ജുഡീഷ്യൽ ഓഫീസർമാർക്കും (സിവിൽ & ക്രിമിനൽ) വക്കീൽ ഗുമസ്തൻമാർക്കും വിതരണം ചെയ്യുന്ന നിരക്ക് | പൊതുജനങ്ങൾക്കും അഭിഭാഷകർക്കും വിതരണം ചെയ്യുന്ന നിരക്ക് |
|---|---|---|---|
| 1 | ചായ | | |
| 2 | കാപ്പി | | |
| 3 | ബ്രൂകാപ്പി | | |
| 4 | പുട്ട് (ഒരെണ്ണം ) | | |
| 5 | വെള്ളിയപ്പം (ഒരെണ്ണം ) | | |
| 6 | പൂരി (ഒരെണ്ണം) | | |
| 7 | പൊറോട്ട (ഒരെണ്ണം) | | |
| 8 | ദോശ (ഒരെണ്ണം) | | |
| 9 | ഇഡ്‌ലി ചട്നിയടക്കം (ഒരെണ്ണം) | | |
| 10 | ഇടിയപ്പം (ഒരെണ്ണം) | | |
| 11 | ഉഴുന്നുവട (ഒരെണ്ണം) | | |
| 12 | പഴംപൊരി (ഒരെണ്ണം) | | |
| 13 | കിഴങ്ങ് പൊരി (ഒരെണ്ണം) | | |
| 14 | കായുണ്ട(ഒരെണ്ണം) | | |
| 15 | ഉള്ളിവട (ഒരെണ്ണം) | | |
| 16 | പരിപ്പവട (ഒരെണ്ണം) | | |
| 17 | ബോണ്ട (ഒരെണ്ണം) | | |
| 18 | സുഗിയൻ (ഒരെണ്ണം) | | |
| 19 | അട (ഒരെണ്ണം) | | |
| 20 | ഉപ്പുമാവ് (1 പ്ലേറ്റ്) | | |
| 21 | കപ്പ (1 പ്ലേറ്റ്) | | |
| 22 | കടലക്കറി (1 പ്ലേറ്റ്) | | |
| 23 | ചെറുപയർ (1 പ്ലേറ്റ്) | | |
| 24 | ബാജി (1 പ്ലേറ്റ്) | | |
| 25 | മസാലക്കറി (1 പ്ലേറ്റ്) | | |
| 26 | മുട്ടറോസ്റ്റ് (1 പ്ലേറ്റ്) | | |
| 27 | കോഴിക്കാൽ (ഒരെണ്ണം) | | |
| 28 | ഊണ് (സാമ്പാർ, മീൻകറി, വറവ്, പച്ചടി, അച്ചാർ, രസം) | | |

**ടെണ്ടർ സമർപ്പിക്കുന്ന വ്യക്തിയുടെ പേര്, ഒപ്പ്, തീയതി**